**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1622** **19-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മ്യൂസിയം ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മ്യൂസിയവും കോമ്പൗണ്ടും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മ്യൂസിയം മൃഗശാല വകുപ്പിൽ തിരുവനന്തപുരം മ്യൂസിയങ്ങളിലും പരിസരത്തുമായി ഭിന്നശേഷിക്കാരായ പൊതുജനങ്ങൾക്ക് വേണ്ടി നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മ്യൂസിയം പരിസരത്തെ ബൊട്ടാണിക്കൽ ഗാർഡനിൽ സാമൂഹിക നീതി വകുപ്പിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്ക് മാത്രമായി മുപ്പത് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ബാരിയർ ഫ്രീ പാർക്ക് സ്ഥാപിച്ചു. കൂടാതെ മ്യൂസിയം പരിസരത്ത് ഭിന്നശേഷിക്കാർക്കായി സ്പെഷ്യൽ ടോയ്ലെറ്റുകൾ, വാഹന പാർക്കിംഗിനായി പ്രത്യേക സൗകര്യങ്ങൾ, പ്രത്യേക ഇരിപ്പിടങ്ങൾ, കുടിവെള്ള പ്ലാന്റുകൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മ്യൂസിയങ്ങളിൽ റാമ്പ്, വീൽ ചെയർ, ലിഫ്റ്റ്, സ്റ്റെയർ ലിഫ്റ്റ് സംവിധാനങ്ങളും, നേപ്പിയർ മ്യൂസിയത്തിൽ ഭിന്നശേഷിക്കാർക്കായി "ബാരിയർ ഫ്രീ മ്യൂസിയവും" നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മ്യൂസിയം കോമ്പൗണ്ടിലുള്ള മൃഗശാലയ്ക്കകത്ത് 7, 10 എന്നിങ്ങനെ സീറ്റുകളുള്ള 6 ബാറ്ററി കാറുകളും ഉള്ളതാണ്. |
| (ബി) | ഭിന്നശേഷി കലാകാരൻമാരുടെ കലാ സൃഷ്ടികളുടെ പ്രദർശനവും വിപണനവും സാധ്യമാക്കുന്നതിന് മ്യൂസിയം വകുപ്പിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ഭിന്നശേഷി കലാകാരൻമാരുടെ കലാസൃഷ്ടികളുടെ പ്രദർശനവും വിപണനവും സാധ്യമാക്കുന്നതിന് നിലവിൽ മ്യൂസിയം വകുപ്പിൽ പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ